LIBRARY ARCHIVES Kerala Legislative Assembly

വൺടൈം മെയിന്റനൻസ്

268(1339) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വൺടൈം മെയിന്റനൻസ് (നോൺ പ്ലാൻ) ഇനത്തിൽ ഓരോ മണ്ഡലത്തിലും എത്ര രൂപ വീതം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വൺടൈം മെയിന്റനൻസ് (നോൺ പ്ലാൻ) ഇനത്തിൽ നാളിതുവരെ 1070.07 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

നാദാപുരം മുട്ടങ്ങൽ റോഡ് നിലവാരം ഉയർത്തൽ

269(1340) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മുട്ടങ്ങൽ റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നൽകിയ അപേക്ഷയിന്മേലുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേ ആയി ഉയർത്തുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നാദാപുരം മുട്ടങ്ങൽ റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നാദാപുരം മുട്ടങ്ങൽ റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നൽകിയ അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ (R&B)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/239/2020-40